**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2607** **06-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. എഫ്. ഇ. നിയമനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഐ. സി. ബാലകൃഷ്ണൻ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2025 ജനുവരി മുതൽ നാളിതു വരെ കെ. എസ്. എഫ്. ഇ. യിൽ നിന്നും എത്ര ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്; ഏതൊക്കെ തസ്തികകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര തസ്തികകൾ നാളിതുവരെ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;</td><td>(എ)</td><td>2025 ജനുവരി മുതൽ നാളിതുവരെ കെ.എസ്.എഫ്.ഇ. യിൽ നിന്നും 190 ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്. റിട്ടയർ ചെയ്ത ജീവനക്കാരുടെ വിവരങ്ങൾ തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു.<br><br><table><tr><th>തസ്തിക</th><th>റിട്ടയർ ചെയ്ത ജീവനക്കാരുടെ എണ്ണം</th></tr><tr><td>അസിസ്റ്റന്റ് ജനറൽ മാനേജർ</td><td>3</td></tr><tr><td>മാനേജർ</td><td>84</td></tr><tr><td>അസിസ്റ്റന്റ് മാനേജർ</td><td>59</td></tr><tr><td>അസിസ്റ്റന്റ്</td><td>27</td></tr><tr><td>ഓഫീസ് അറ്റൻഡന്റ്</td><td>17</td></tr></table><br>എൻട്രി കേഡർ തസ്തികയായ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 01/01/2025 മുതൽ 31/12/2025 വരെയുള്ള കാലയളവിൽ ഉണ്ടായേക്കാവുന്ന 232 ഒഴിവുകൾ കണക്കാക്കിയിട്ടുണ്ട്. അതിൽ നേരിട്ട് നിയമനം നടത്തേണ്ട 186 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്.</td></tr>
<tr><td>(ബി)</td><td>2025 ജനുവരി മുതൽ നാളിതു വരെ തസ്തിക രൂപീകരണത്തിലൂടെ കെ. എസ്. എഫ്. ഇ. യിൽ വിവിധ തസ്തികകളുടെ എൻട്രി കേഡറിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകൾ നാളിതുവരെ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;</td><td>(ബി)</td><td>2025 ജനുവരി മുതൽ നാളിതുവരെ കെ.എസ്.എഫ്.ഇ യിലെ എൻട്രി കേഡർ തസ്തികകളിൽ തസ്തിക രൂപീകരണത്തിലൂടെ ഒഴിവുകൾ ഉണ്ടായിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | പി. എസ്. സി. മുഖേന റിക്രൂട്ട്മെന്റ് നടത്തേണ്ട മുഴുവൻ തസ്തികകളിലെ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | എൻട്രി കേഡർ തസ്തികയായ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 01/01/2025 മുതൽ 31/12/2025 വരെയുള്ള കാലയളവിൽ ഉണ്ടായേക്കാവുന്ന 232 ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തേണ്ട 186 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ